"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കണ്ണൂർ, തേർത്തല്ലി മേരിഗിരി ഹൈസ്കൂളിലെ ക്ലാർക്കായ ശ്രീമതി.സൗമ്യ ജോസിന്റെ ശൂന്യവേതനാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ(എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4523/2025/GEDN തീയതി,തിരുവനന്തപുരം, 08-07-2025

പരാമർശം:-

1. 19.6.2023 ലെ സ.ഉ(സാധാ)നം.3645/2023/പൊവിവ. നം. ഉത്തരവ്.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16.05.2025ലെ ഡി.ജി.ഇ/6103/2025/ഇ.എം 4 നം. കത്ത്.

**ഉത്തരവ്**

കണ്ണൂർ, തേർത്തല്ലി മേരിഗിരി ഹൈസ്കൂളിലെ ക്ലാർക്കായ ശ്രീമതി.സൗമ്യ ജോസിന് 18.10.2022 മുതൽ 15.4.2023 വരെ അനുവദിച്ച ആർജ്ജിതാവധിയുടെയും 16.04.2023 മുതൽ 19.08.2023 വരെ അനുവദിച്ച അർദ്ധ വേതനാവധിയുടെയും തുടർച്ചയായി 20.08.2023 മുതൽ 31.5.2024 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ , ഭാഗം ഒന്ന്, ചട്ടം 88 പ്രകാരം പഠനാവശ്യത്തിനായി പരാമർശം (1) പ്രകാരം ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിനു തുടർച്ചയായി 01.06.2024 മുതൽ കോഴ്സ് പൂർത്തിയാക്കിയ തീയതിയായ 26.06.2024 വരെ അവധി ദീർഘിപ്പിക്കുന്നതിനായുള്ള അപേക്ഷയും അനുബന്ധരേഖകളും പരാമർശം (2) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ശ്രീമതി.സൗമ്യ ജോസ് കോഴ്സ് പൂർത്തിയാക്കി 27.6.2024 ന് ജോലിയിൽ തിരികെ പ്രവേശിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കണ്ണൂർ, തേർത്തല്ലി മേരിഗിരി ഹൈസ്കൂളിലെ ക്ലാർക്കായ ശ്രീമതി.സൗമ്യ ജോസിന് 20.08.2023 മുതൽ 31.5.2024 വരെ പരാമർശം(1) പ്രകാരം അനുവദിച്ച ശൂന്യവേതന അവധിയുടെ തുടർച്ചയായി 01.06.2024 മുതൽ 26.06.2024 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ , ഭാഗം ഒന്ന്, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം.
ശ്രീമതി.സൗമ്യ ജോസ്, ക്ലാർക്ക്, മേരിഗിരി ഹൈസ്കൂൾ, തേർത്തല്ലി,കണ്ണൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ) , തിരുവനന്തപുരം.

വിവരപൊതുജനസമ്പർക്ക(വെബ്&ന്യൂമീഡിയ) വിഭാഗം
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Resmi Babu
Date: 08-07-2025 15:41:56

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുടെ പി.എസിന്.
പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എയ്ക്ക്.